**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4068** **17-03-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കയ്പമംഗലം മണ്ഡലത്തിൽ ലഹരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കയ്പമംഗലം നിയോജക മണ്ഡലത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകളും, സ്കൂൾ പ്രൊട്ടക്ഷൻ സമിതികളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. റെസിഡന്റ്സ് അസോസിയേഷൻ, ക്ലബ്ബുകൾ, യുവജന പ്രസ്ഥാനങ്ങൾ, സാമൂഹിക സംഘടനകൾ, വായനശാലകൾ എന്നിവയുടെ സഹകരണത്തോട് കൂടി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയ പാതകൾ കേന്ദ്രീകരിച്ചും, ഉൾപ്രദേശങ്ങളിലും ജനവാസം കുറവുള്ള മേഖലകളിലും പ്രത്യേകം പട്രോളിംഗ് നടത്തുകയും കേസുകൾ എടുക്കുകയും ചെയ്യുന്നു. തീരദേശം കേന്ദ്രീകരിച്ച് തീരസംരക്ഷണ സേനയുമായി ചേർന്ന് കടലിലും, തീരപ്രദേശ ങ്ങളിലും സംയുക്ത പരിശോധനകൾ നടത്തി വരുന്നു. ലഹരി വിൽക്കുന്നതായി സംശയിക്കുന്ന കടകളും മറ്റും പ്രത്യേകം നിരീക്ഷിച്ച് പരിശോധന നടത്തി കേസുകൾ എടുക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സൈസ് കൺട്രോൾ റൂമിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ പരിശോധിക്കുന്നതിന് സ്ട്രൈക്കിങ് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്വരക്ഷ ക്ലബ്ബുമായി ബന്ധപ്പെട്ട് ലഹരി നിർമ്മാർജ്ജനത്തിനും കുട്ടികളുടെ സുരക്ഷയ്ക്കുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സ്വയംരക്ഷ ക്ലബ്ബുമായി ബന്ധപ്പെട്ട് സ്കൂളുകളിലും പരിസരങ്ങളിലും സ്കൂൾ പരിസരങ്ങളിലെ കച്ചവട സ്ഥാപനങ്ങളിലും നിരന്തരം പരിശോധനകൾ നടത്തുകയും അത് വഴി വിദ്യാർത്ഥികളിലേക്ക് ലഹരി വസ്തുക്കൾ ഒന്നും തന്നെ എത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. സ്കൂൾ തുടങ്ങുന്ന സമയത്തിനു മുൻപും, സ്കൂൾ വിടുന്ന സമയത്തും സ്കൂൾ പരിസരത്തെ |

| | | | |
|---|---|---|---|
| | | | ബസ് സ്റ്റോപ്പുകൾ പ്രത്യേകമായി നിരീക്ഷിച്ച് വരുന്നു. കൂടാതെ കുട്ടികളെ ലഹരിയിൽ നിന്നും പിൻതിരിപ്പിക്കുന്നതിനായി കലാ കായിക അഭിരുചികൾ വർദ്ധിപ്പിക്കുന്ന പരിപാടികളിൽ പങ്കെടുപ്പിക്കുകയും, NCC, SPC തുടങ്ങിയ സന്നദ്ധസേനയിൽ അംഗങ്ങൾ ആക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളിൽ നിരന്തരമായി ലഹരിക്കെതിരെ വിവിധ തരത്തിലുള്ള ബോധവൽക്കരണ ക്ലാസുകളും പരിപാടികളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ